(സി) ഇപ്രകാരം ജീവൻ നഷ്ടപ്പെട്ട ജവാൻമാരുടെ ആശ്രിതർക്ക് സർക്കാർ എന്തൊക്കെ സാമ്പത്തികസഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സഹായധനം ഏതു വകുപ്പാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഗിലിൽ കൊലചെയ്യപ്പെട്ട മലയാളി ജവാൻമാരുടെ ആശ്രിതർക്ക് സർക്കാർ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികയിലാണ് പ്രസ്തുത ആശ്രിതർക്ക് ജോലി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) കൊല്ലപ്പെട്ട മലയാളി ജവാൻമാരുടെ ആശ്രിതർക്ക് സർക്കാർ സഹായങ്ങൾ താമസംവിനാ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) 1. ലഫ്റ്റനന്റ് കേണൽ ആർ. വിശ്വനാഥൻ

2. ക്യാപ്റ്റൻ പി.വി. വിക്രം

(സി) അഞ്ചുലക്ഷം രൂപ വീതം എക്സ്ഗ്രേഷ്യാ ഗ്രാന്റായി നൽകാൻ ഉത്തരവായിട്ടുണ്ട്. ഇത് ഉടനെ നൽകുന്നതാണ്.

(ഡി) പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്.

(ഇ)&(എഫ്) മരണമടഞ്ഞ സൈനികരുടെ ആശ്രിതരിൽ ഒരാൾക്ക് വീതം സർക്കാർ സർവീസിൽ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വകുപ്പ്, തസ്തിക എന്നിവ തീരുമാനിച്ചിട്ടില്ല.

(ജി) സ്വീകരിച്ചുകഴിഞ്ഞു.

15 (*15) സെല്ലുലോസ് പ്രോജക്ട്

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ കായൽ-ജലസസ്യങ്ങളെ ഉപയോഗപ്പെടുത്തി സെല്ലുലോസ് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ടത് ഏത് ഏജൻസിയിൽ നിന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു സംബന്ധിച്ച പദ്ധതിരേഖ കാലതാമസമില്ലാതെ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ജല സസ്യങ്ങൾ വാരിമാറ്റുന്നതിനായി ഒരു പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ പരിപാടി നടപ്പാക്കിയാൽ ജലസസ്യങ്ങളെ ഉപയോഗപ്പെടുത്തിയിട്ടുള്ള സെല്ലുലോസ് നിർമ്മാണ പദ്ധതി അപ്രസക്തമായി തീരുമെന്ന വസ്തുത ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(ജി) കേന്ദ്രാനുമതി ലഭിച്ച സെല്ലുലോസ് പദ്ധതി എത്രയും വേഗം നടപ്പാക്കി പായൽ വാരിമാറ്റുന്ന അധിക ചെലവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ജലസസ്യങ്ങളിൽ നിന്ന് ഒരു 'ഡമോൺസ്ട്രേഷൻ' പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ കരട് രേഖയാണ് നാഷണൽ എൻവയോൺമെന്റ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ്, രാജീവ്ഗാന്ധി ബയോടെക്നോളജി സെന്റർ, ഭൗമശാസ്ത്ര സാങ്കേതിക പഠനകേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തത്. ഇതിൻമേലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) നാഗ്പ്പൂരിലുള്ള കേന്ദ്രഗവൺമെന്റിന്റെ ശാസ്ത്ര-വ്യാവസായിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള നാഷണൽ എൺവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുമാണ്.

(ഡി) റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജലസസ്യങ്ങൾ വാരിമാറ്റുന്നതിനായി ഒരു പദ്ധതി കഴിഞ്ഞ വർഷം ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്)പദ്ധതി നടത്തിപ്പിന് ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യ സംബന്ധിച്ച ഒരു കരട് രേഖയാണ് ചർച്ച ചെയ്യപ്പെട്ടത്. ഇതുപയോഗപ്പെടുത്തിയുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് നൽകേണ്ട ഉത്തരവാദിത്വം നാഗ്പ്പൂരിലുള്ള എൻ.ഇ.ഇ.ആർ.ഐ. യാണ്. എന്നാൽ പദ്ധതിയുടെ സാദ്ധ്യതാ പഠനമോ വിശദമായ പദ്ധതി രേഖയോ ഇതുവരെ സമർപ്പിച്ചതായി അറിയില്ല. ഇത് ലഭിച്ചശേഷം മാത്രമേ ഇതിന്റെ പ്രസക്തി നിർണ്ണയിക്കാനാവൂ.

(ജി) ഉത്തരം(എ) യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

16 (*16) ഔഷധങ്ങളുടെ വില വർദ്ധന

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly